# ട്രൈബ്യൂണലിന്റെ വിധി ചോദ്യം ചെയ്യാൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് അവകാശമില്ല

## രാജസ്ഥാൻ ഹൈക്കോടതി

D.B. Spl. W. No. 1417/2019 Dt. 27.1.2020

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

x

ഹിന്ദുസ്ഥാൻ സിങ്ക് ലിമിറ്റഡ്

ഇ.പി.എഫ്. നിയമം ബാധകമായ ഫാക്ടറിയുടെ വിഹിതം നിർണ്ണയിച്ച് ഇ.പി.എഫ്. കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേനേജ്മെന്റിന്റെ വാദങ്ങളിൽ കഴമ്പുണ്ടെന്നു കണ്ട ട്രൈബ്യൂണൽ അപ്പീൽ അനുവദിച്ച് ഉത്തരവായി. പിന്നീട് ഒരു വർഷം കഴിഞ്ഞപ്പോൾ ഇ.പി.എഫ്. കമ്മീഷണർ ട്രൈബ്യൂണലിന്റെ വിധിക്കെതിരെ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ട്രൈബ്യൂണലിന്റെ വിധി ചോദ്യം ചെയ്യാൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് അവകാശമില്ലെന്ന് മേനേജ്മെന്റ് വാദിച്ചത് അംഗീകരിച്ച സിംഗിൾ ബഞ്ച് ഇ.പി.എഫ്. കമ്മീഷണറുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു. പിന്നീട് പതിനൊന്ന് മാസം കഴിഞ്ഞപ്പോൾ റീജണൽ പി.എഫ്. കമ്മീഷണർ സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ട്രൈബ്യൂണലിന്റെ വിധിക്കെതിരെ റിട്ട് ഹർജി സമർപ്പിക്കാൻ ഒരു വർഷത്തെ കാലതാമസവും ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കാൻ പതിനൊന്ന് മാസത്തെ കാലതാമസവും വരുത്തിയ റീജണൽ പി.എഫ്. കമ്മീഷണറുടെ അപ്പീൽ തള്ളിക്കളയണമെന്ന് മേനേജ്മെന്റ് വാദിച്ചു. കൂടാതെ സ്വന്തം ഉത്തരവ് ന്യായീകരിക്കുന്നതിനു വേണ്ടി ട്രൈബ്യൂണലിന്റെ വിധിക്കെതിരെ റിട്ട് ഹർജി സമർപ്പിക്കാൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് അവകാശമില്ലെന്നും മേനേജ്മെന്റ് വാദിച്ചു. റിട്ട് ഹർജി സമർപ്പിക്കുന്നതിലും അപ്പീൽ സമർപ്പിക്കുന്നതിലും കാലതാമസമുണ്ടായതിന് മതിയായ കാരണം കാണിക്കാൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് സാധിച്ചിട്ടില്ലെന്ന് ഡിവിഷൻ ബഞ്ച് നിരീക്ഷിച്ചു. ട്രൈബ്യൂണലിന്റെ വിധിക്കെതിരെ റിട്ട് ഹർജി സമർപ്പിക്കാൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് അവകാശമില്ലെന്ന് സിംഗിൾ ബഞ്ച് വിലയിരുത്തിയതിൽ തെറ്റില്ലെന്നും ചൂണ്ടിക്കാണിച്ച ഡിവിഷൻ ബഞ്ച് റീജണൽ പി.എഫ്. കമ്മീഷണറുടെ അപ്പീൽ തള്ളിക്കളഞ്ഞു.